# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 32

## 2016 സെപ്റ്റംബർ 26 ലെ മറുപടിക്ക്

<u>ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ</u>

| ചോദ്യം:<br>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | ഉത്തരം:<br>ശ്രീ. പിണറായി വിജയൻ<br>ബഹു. കേരള മുഖ്യമന്ത്രി. |
|---|---|
| (എ) ജീവനക്കാർ ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ വേഗത്തിലും തൃപ്തികരമായും നടപ്പാക്കാൻ കഴിഞ്ഞ ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശമ്പള പരിഷ്കരണ ശുപാർശയോടൊപ്പം എന്തെല്ലാം നിർദ്ദേശങ്ങളുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ; | മുഖ്യ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇവയിലേതെങ്കിലും നടപ്പാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ? | പരിശോധിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. സേവനാവകാശ നിയമം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഉദ്യോഗസ്ഥർക്ക് അവരുടെ ചുമതലയെപ്പറ്റിയും നൽകേണ്ട സേവനങ്ങളെ സംബന്ധിച്ചും വ്യക്തമായ ദിശാബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ജീവനക്കാർക്ക്മേൽ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് മുൻപായി ഇത്തരം പ്രവർത്തനങ്ങൾ വേണ്ടവിധം നടപ്പിലാക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് തന്നെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക. പരിശീലന കാലയളവിലെ പ്രകടനം തുടർന്നുള്ള പ്രൊമോഷനുകൾക്ക് മാനദണ്ഡമാക്കുക.

3. മാതൃ വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് അന്യത്ര സേവനം അനുവദിക്കരുത്.

4. സംസ്ഥാനത്ത് ഭരണ നിർവ്വഹണത്തിന്റെ കാര്യക്ഷമതയും നിലവാരവും വർദ്ധിപ്പിക്കുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുക.

5. വകുപ്പ് അദ്ധ്യക്ഷ തസ്തികയിലേക്ക് അഖിലേന്ത്യാ സർവ്വീസിൽ നിന്നോ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്നോ നിയമിക്കുക.

6. പ്രധാന വകുപ്പധ്യക്ഷന്മാരെ നിയമിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക

7.ഇടത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി പ്രൊമോഷന് മാനദണ്ഡമാക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കുവാൻ ഓരോരുത്തരുടെയും പ്രകടനം ഓരോ മാസവും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുക.

8. സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് നിയമവും ചട്ടങ്ങളും രൂപീകരിക്കുക.

9. ഒന്നിലധികം തട്ടുകളുള്ള ഉദ്യോഗസ്ഥ സംവിധാനത്തിൽ ഫയൽ ചംക്രമണം ചെയ്യുമ്പോൾ തീരുമാനമെടുക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് ഫയൽ ലഭ്യമാകുവാൻ ഇടത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ അസാന്നിധ്യം തടസ്സമാകാത്ത രീതിയിൽ നേരിട്ട് ഫയൽ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

10. മന്ത്രിമാർക്ക് പൊതുജനങ്ങൾ നേരിട്ട് സമർപ്പിക്കുന്ന നിവേദനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നേരിട്ട് അയച്ചുകൊടുക്കുവാനുള്ള സംവിധാനം മന്ത്രിമാരുടെ ഓഫീസിൽ ഏർപ്പെടുത്തുക.

11. ഓഫീസിലെ ഹാജർ നില ഉറപ്പുവരുത്തുന്നതിനായി എല്ലാ ഒഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തുകയും, ആയത് SPARK -മായി ബന്ധപ്പെടുത്തുകയും ചെയ്യുക

12. പ്രഖ്യാപിത അവധി ദിവസങ്ങൾ കുറയ്ക്കുക. കാഷ്വൽ ലീവ് 20 ൽ നിന്ന് 15 ആയി കുറയ്ക്കുക.

13. പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കമുള്ള ഓഫീസുകളിൽ Front office സംവിധാനം ഏർപ്പെടുത്തുക.

14. ആശ്രിത നിയമന വ്യവസ്ഥയിലും സ്പോർട്ട്സ് ക്വാട്ടയിലുമുള്ള നിയമനങ്ങൾ സർവ്വീസിന്റെ കാര്യക്ഷമതയെ ബാധിക്കാത്ത രീതിയിൽ നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുക. ആശ്രിത നിയമന വ്യവസ്ഥ കൂടുതൽ ഉദാരമാക്കാതിരിക്കുക. യഥാർത്ഥ അവകാശിക്ക് മാത്രം ടി ആനുകൂല്യം പരിമിതപ്പെടുത്തുക.

15. പൊതു ജനങ്ങൾക്ക് ഇ- സാക്ഷരതയിൽ സൗജന്യമായി പരിശീലനം നൽകുന്നതിനായി കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

16. സർക്കാർ സേവനങ്ങളെ കുറിച്ച് ജനങ്ങൾക്ക് സമയ ബന്ധിതമായി വിവരങ്ങൾ നൽകുന്നതിനായി അക്ഷയ കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്തുക.

17. എല്ലാ സർക്കാർ ഓഫീസുകളും ഇ-ഓഫീസുകളായി മാറ്റുക.

18. എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ നൽകുകയും വകുപ്പുകളും സർക്കാരും തമ്മിലുള്ള കത്തിടപാട്ടുകൾ ഇ-മെയിൽ വഴി ആക്കുകയും ചെയ്യുക.

19. കൂടുതൽ മേഖലകളിലേക്ക് വീഡിയോ കോൺഫറൻസിംഗ് സംവിധാനം വ്യാപിപ്പിക്കുക.

20. വിവര സാങ്കേതിക വിദ്യയിൽ അറിവും യോഗ്യതയുമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ വകുപ്പിലും ഒരു ഐ.ടി സെൽ രൂപീകരിക്കുക.

21. എല്ലാ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡേറ്റാ ബേസ് ആധാർ നമ്പരുമായി സംയോജിപ്പിക്കുക.

22. ജനങ്ങൾക്ക് സാമൂഹ്യ മാധ്യമങ്ങൾ വഴി നിവേദനങ്ങൾ സമർപ്പിക്കുന്നതിനുള്ള സംവിധാനം പൊതുജനങ്ങളുമായി നേരിട്ട് സമ്പർക്കമുള്ള എല്ലാ വകുപ്പുകളും ഏർപ്പെടുത്തുക.

23. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സേവനങ്ങൾക്കും ഇലക്ട്രോണിക് സർവീസ് ഡെലിവറി നടപ്പിലാക്കുക.

24. സർക്കാർ സബ്സിഡിയും ഗ്രാന്റും നൽകുന്ന എല്ലാ പദ്ധതികളിലും Direct Benefit Transfer നിർബന്ധമായും നടപ്പിലാക്കുക.

25. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് എസ്.എം.എസിലൂടെ വേതനം/ ധനസഹായം അനുവദിച്ചത് അറിയിക്കുക.

26. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെ മറ്റെല്ലാ ജീവനക്കാർക്കും കംപ്യൂട്ടർ പരിജ്ഞാനം നിർബന്ധമാക്കുക.

മേൽ നിർദ്ദേശങ്ങൾക്ക് പുറമേ വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഓരോ വകുപ്പുകളിലേയും E-governence സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും ശമ്പള പരിഷ്കരണ കമ്മീഷൻ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**